## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7825** **23-07-2012-ൽ മറുപടിയ്ക്ക്**

### ടിപ്പർ ലോറികൾ മൂലമുണ്ടായ അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ കെ. അജിത് :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് ടിപ്പർ ലോറികളുടെ അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും മൂലം അപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** ടിപ്പർ ലോറിയുടെ അമിത വേഗത്തി നെതിരെയും ഇവ മൂലമുണ്ടായ അപകടങ്ങൾ സംബന്ധിച്ചും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കോട്ടയം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തി യായിട്ടുണ്ടെന്നും അന്വേഷണം | **(ബി)** വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

പൂർത്തിയായ എത്ര കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും പോലീസ് സ്റ്റേഷൻ തിരിച്ചു വ്യക്തമാക്കുമോ ;

**(സി)** ടിപ്പർ ലോറികളുടെ അമിത വേഗത്തിനെതിരെയുള്ള പരിശോധനയിൽ സ്പീഡ് ഗവർണറുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന നടത്താറുണ്ടോ ; എങ്കിൽ സ്പീഡ് ഗവർണറുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

**(സി)** പരിശോധന നടത്താറുണ്ട്. വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ ഇത്തരത്തിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**(ഡി)** വൈക്കം നിയോജക മണ്ഡല പരിധിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ടിപ്പർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ പരിക്കു പറ്റിയവരുടേയും മരണപ്പെട്ടവരുടേയും എണ്ണം എത്രയെന്നും വെളിപ്പെടുത്തുമോ ;

**(ഡി)** വൈക്കം നിയോജക മണ്ഡലത്തിൻ കീഴിൽ വരുന്ന വൈക്കം പോലീസ് സ്റ്റേഷനിൽ ടിപ്പർ ലോറി അപകടങ്ങൾ 9 എണ്ണം ഉണ്ടാകുകയും അതു മൂലം 10 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ആരും മരണപ്പെട്ടിട്ടില്ല. തലയോലപറമ്പ് പോലീസ് സ്റ്റേഷനിൽ ടിപ്പർ ലോറി അപകടങ്ങൾ 6 എണ്ണം ഉണ്ടാകുകയും അതുമൂലം 8 പേർക്ക് പരിക്ക് പറ്റുകയും ഒരാൾ മരണപ്പെടുകയും ചെയ്തു.

| | | | |
|---|---|---|---|
| **(ഇ)** | ടിപ്പർ ലോറി അപകടങ്ങൾ നിയന്ത്രി ക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ ? | **(ഇ)** | നിരന്തരമായ വാഹന പരിശോധ നയും, ആൽക്കോ മീറ്റർ, സ്പീഡ് റഡാർ പരിശോധനയും നടത്തി വരുന്നു. മേഖലയിൽ രാവിലെ 8.30 മുതൽ 9.30 വരെയും വൈകിട്ട് 3 മുതൽ 4.30 വരെയുമുള്ള ടിപ്പർ ലോറി നിരോധനവും കർശനമായി നടപ്പി ലാക്കി വരുന്നു. കൂടാതെ ഇത്തരം വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ട്രാഫിക് ബോധവത്ക്കരണവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| പോലീസ് സ്റ്റേഷൻ | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | അന്വേഷണത്തിലിരിക്കുന്നത് | അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് കൊടുത്തത് |
|---|---|---|---|
| ഗാന്ധിനഗർ | 1 | 0 | 1 |
| അയർക്കുന്നം | 22 | 0 | 22 |
| ഏറ്റുമാനൂർ | 57 | 0 | 57 |
| കുറവിലങ്ങാട് | 2 | 0 | 2 |
| കോട്ടയം ട്രാഫിക് | 5 | 0 | 5 |
| കോട്ടയം വെസ്റ്റ് | 1 | 0 | 1 |
| കുമരകം | 2 | 0 | 2 |
| മണിമല | 1 | 0 | 1 |
| കാഞ്ഞിരപ്പള്ളി | 1 | 0 | 1 |
| പാമ്പാടി | 1 | 0 | 1 |
| പൊൻകുന്നം | 2 | 0 | 2 |
| പള്ളിയ്ക്കത്തോട് | 1 | 1 | 0 |
| ചങ്ങനാശ്ശേരി | 6 | 0 | 6 |
| ചിങ്ങവനം | 1 | 0 | 1 |
| തൃക്കൊടിത്താനം | 11 | 2 | 9 |
| വാകത്താനം | 2 | 0 | 2 |
| കറുകച്ചാൽ | 4 | 0 | 4 |
| കിടങ്ങൂർ | 26 | 0 | 26 |
| പാല | 110 | 0 | 110 |
| തിടനാട് | 1 | 0 | 1 |
| വൈക്കം | 9 | 2 | 7 |
| തലയോലപറമ്പ് | 22 | 1 | 21 |
| വെള്ളൂർ | 32 | 0 | 32 |
| കടുത്തുരുത്തി | 24 | 0 | 24 |
| രാമപുരം | 3 | 0 | 3 |
| മരങ്ങാട്ടുപള്ളി | 2 | 0 | 2 |

ASHA DEVI. V.S.
Section Officer (HG)
Home (SC) Department
Government Secretariat
Thiruvananthapuram.